**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സേവനങ്ങളിലെ തടസ്സങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ നിരന്തരം തടസ്സപ്പെടുന്നത് മൂലം ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും വിവിധ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷകൾ നൽകുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ സംവിധാനത്തിലെ തകരാർ കാരണം സേവനങ്ങൾ ഭാഗികമായി തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെടുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ; | (ബി) | ഒരേ സമയം അനവധി പേർ സേവനം ഉപയോഗിക്കുന്നത് വഴി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ തിരക്ക് വർദ്ധിയ്ക്കുകയും അക്കാരണത്താൽ വെബ് സൈറ്റ് മന്ദഗതിയിലാകുകയും ഭാഗികമായി ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇപ്രകാരം സംഭവിക്കുമ്പോൾ വെബ് സൈറ്റിലുണ്ടാകുന്ന തിരക്ക് നിയന്ത്രിച്ച് കൊണ്ട് സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, എൻ.ഐ.സി (N.I.C), കെൽട്രോൺ, കേരള ഐ.റ്റി മിഷൻ എന്നിവിടങ്ങളിലെ പ്രതിനിധികളുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ